പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2256 — 9/12/2014-ൽ മറുപടിക്ക്

# കൊല്ലം പരവൂരിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പരവൂരിൽ മുമ്പ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഉണ്ടായിരുന്നത് സാങ്കേതിക കാരണങ്ങളാൽ നിറുത്തൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. 2002 - ൽ മേജർ സെക്ഷനുകൾ നിർത്തലാക്കി സബ് ഡിവിഷനുകൾ രൂപീകരിച്ചപ്പോൾ പരവൂർ മേജർ സെക്ഷൻ ഓഫീസ് പരവൂർ സെക്ഷൻ ഓഫീസാക്കുകയും അതിനെ ചാത്തന്നൂർ സബ് ഡിവിഷൻ പരിധിയിൽ ചേർക്കുകയും ചെയ്തു. |
| (ബി) സംസ്ഥാനത്ത് ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത നഗരസഭകൾ ഉണ്ടോ; വിശദാംശം അറിയിക്കുമോ; | (ബി) പരവൂർ, ഒറ്റപ്പാലം, മട്ടന്നൂർ, ചാവക്കാട്, ഇരിങ്ങാലക്കുട, ഏലൂർ എന്നീ നഗരസഭകളിൽ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസുകൾ ഇല്ല. |
| (സി) ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്ത മുനിസിപ്പാലിറ്റി എന്ന നിലയിൽ പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ, പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ എന്നിവ ചേർത്ത് പരവൂരിൽ പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) പരവൂർ, പൂതക്കുളം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ ഇപ്പോൾ ചാത്തന്നൂർ ഇലക്ട്രിക്കൽ സബ്ഡിവിഷൻ പരിധിയിലാണ്. ഈ സബ് ഡിവിഷനിൽ മൊത്തം നാലു സെക്ഷനുകൾ മാത്രമേ നിലവിലുള്ളൂ. ആകയാൽ പരവൂരിൽ ഒരു പുതിയ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ